# താത്പര്യപത്രം ക്ഷണിച്ചു

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചരണ സാമഗ്രികൾ, സി ഡി, കത്തുകൾ, മറ്റ് പുസ്തകങ്ങൾ തുടങ്ങിയ കൊറിയർ വഴി വിവിധ ജില്ലകളിലും ന്യൂഡൽഹിയിലും , ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും എത്തിക്കുന്നതിന് കൊറിയർ സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് **www.prd..kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**contact No:04712518647,04712518013**

ഡയറക്ടർ

കേരള സർക്കാർ

നം. സി3/38/2018/ ഐ&പിആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(സി) വകുപ്പ്
തിരുവനന്തപുരം, തീയതി, 18/06/2018

## താല്പര്യപത്രം ക്ഷണിക്കുന്നു

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചാരണ സാമഗ്രികൾ, സി.ഡി.കൾ, കത്തുകൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ കൊറിയർ വഴി വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും എത്തിക്കുന്നതിന് കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള കൊറിയർ സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു.

വർക്ക് ഓർഡർ പ്രകാരമുള്ള പാഴ്സലുകൾ സ്വന്തം ചെലവിൽ വകുപ്പിൽ നിന്ന് ശേഖരിച്ച് പായ്ക്ക് ചെയ്ത് കേട്ട കൂടാതെ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്.

കേരളത്തിനകത്തുള്ള മേൽവിലാസങ്ങളിൽ പരമാവധി രണ്ട് ദിവസത്തിനുള്ളിലും കേരളത്തിന് പുറത്തുള്ള വിലാസങ്ങളിൽ പരമാവധി ഒരാഴ്ചയ്ക്കുള്ളിലും സാധനങ്ങൾ എത്തിക്കേണ്ടതാണ്.

പാഴ്സലുകൾ ബന്ധപ്പെട്ട ഓഫീസിൽ/വ്യക്തികൾക്ക് ലഭിച്ചതു സംബന്ധിച്ച കൈപ്പറ്റ് രസീത് കൂടി ബില്ലിനൊപ്പം ഹാജരാക്കേണ്ടതാണ്.

ചില പ്രത്യേക സാഹചര്യങ്ങളിൽ ന്യൂഡൽഹിയിലും മറ്റും അടിയന്തരമായി പാഴ്സലുകൾ എത്തിക്കേണ്ടതായി വരും. അത്തരം സന്ദർഭങ്ങളിൽ by air കൊറിയർ ചെയ്ത് 24 മണിക്കൂറിനകം നിർദ്ദേശിച്ച സ്ഥലത്ത് സാധനങ്ങൾ എത്തിക്കാനുള്ള ബാധ്യത കൊറിയർ സർവ്വീസിന് ഉണ്ടായിരിക്കും. By air സർവ്വീസിന്റെയും കൈപ്പറ്റ് രസീത് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

പാഠ്യപ്പലകകൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ കേരളത്തിനകത്തും ഇൻഡ്യയ്ക്കകത്തും പുറത്തും അയയ്ക്കുന്നതിന് ഒരു കിലോയ്ക്ക് സർഫസ് ചാർജ്/ഫ്ലൈറ്റ് ചാർജ് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. സി ഡി, കത്ത് എന്നിവയ്ക്ക് എത്ര രൂപ എന്ന് ഇനം തിരിച്ചും രേഖപ്പെടുത്തേണ്ടതാണ്.

മുമ്പ് കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാനും കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുമുള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. താല്പര്യപത്രങ്ങൾ സ്വീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരവും വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കരാർ കാലാവധി ഒരു വർഷമായിരിക്കും.

താല്പര്യപത്രം ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 2018 ജൂൺ 30നകം ലഭ്യമാക്കേണ്ടതാണ്.

സുഭാഷ് ടി വി
ഡയറക്ടർ